# 'കർമ്മേൽ പർവ്വതം – ''ആരാണ് ജീവനുള്ള ദൈവം'

## 1 രാജാക്കന്മാർ 18:37,38,39

''യഹോവേ, എനിക്കു ഉത്തരമരുളേണമേ; നീ ദൈവം തന്നേ യഹോവേ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിന്നു എനിക്കു ഉത്തരമരുളേണമേ എന്നു പറഞ്ഞു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു. ജനം എല്ലാം അതു കണ്ടു കവിണ്ണുവീണു: യഹോവ തന്നേ ദൈവം, യഹോവ തന്നേ ദൈവം എന്നു പറഞ്ഞു.''

മരണം കാണാതെ എടുക്കപ്പെട്ട വ്യക്തി ആയിരുന്നു ഏലിയാവ്. നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു ഏലിയാവ്. എന്നാൽ ദൈവത്തിനായി വൻകാര്യങ്ങളെ പ്രവർത്തി പ്പാൻ ഏലിയാവിനു ശക്തി ലഭിച്ചു.

കർമ്മേൽ പർവ്വതം – ഇവിടെ ഒരു വലിയ പരീക്ഷണം നടക്കുകയാണ്. ആരാണ് സത്യ ദൈവം? ആരാണ് ജീവനുള്ള ദൈവം?

ഒരു വശത്ത് – രാജാവും, സൈന്യവും, അവർ സേവിക്കുന്ന ബാലിന്റെ പ്രവാചകന്മാരും.

മറുവശത്ത് – ഒരേ ഒരു വ്യക്തി മാത്രം – ഏലിയാവ്.

1രാജാ.18:23 – രണ്ടു കാളയെ തരട്ടെ. ഒരു കാളയെ അവർ തിരഞ്ഞെടുത്തു.

ആദ്യം തന്നെ ബാലിന്റെ പ്രവാചകന്മാരും കൂട്ടരും കാളയെ ഖണ്ഡം ഖണ്ഡമാക്കി, തീയിടാതെ വിറകിന്മേൽ വെച്ചു. രാവിലെ തുടങ്ങി ഉച്ചവരെ കരഞ്ഞു നിലവിളിച്ചു. യാതൊരു മറുപടിയും ഇല്ല. മുറിവേല്പിച്ചും, രക്തം ഒഴുക്കിയും വിളിച്ചു നോക്കി. യാതൊരു ഉത്തരവും ലഭിച്ചില്ല. അവർ പരാജയം സമ്മതിച്ചു.

അടുത്തത് ഏലിയാവ് ഒറ്റയ്ക്ക്. മറുഭാഗത്ത് ബാലിന്റെ പ്രവാചകന്മാരും കൂട്ടരും. അവർ പറയുന്നു – ''ഞങ്ങൾ തോറ്റു, എന്നാൽ നിന്റെ ദൈവത്തിനു യാഗവസ്തുവിനെ തീ ഇറക്കി ദഹിപ്പിക്കുവാൻ സാധിക്കുമോ എന്നു നോക്കട്ടെ''. ഇവിടെ ഏലിയാവിന്റെ വിശ്വാസം ശോധന ചെയ്യപ്പെടുകയാണ്. അവിടെ വർഷങ്ങളായി ആരാധന നടന്നിട്ടില്ല. അന്യ ദേവന്മാരെ ആരാധിക്കുന്നതിനാൽ അവർ ദൈവത്തിന്റെ യാഗപീഠത്തെ ഉപേക്ഷിച്ചു. ഏലി യാവ് ആദ്യം ചെയ്ത പ്രവൃത്തി – ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം പണിതു. ഗോത്രസംഖ്യക്കൊത്തവണ്ണം 12 കല്ല് എടുത്തു. യഹോവയുടെ നാമത്തിൽ യാഗപീഠം പണിതു. ചുറ്റിനും തോടുണ്ടാക്കി വെള്ളം നിറച്ചു. കാളയെ ഖണ്ഡം ഖണ്ഡമാക്കി

വിറകിന്മേൽ വെച്ചു. വെള്ളം കൊണ്ട് നന്നായി നനച്ചു. എന്നിട്ട് യഹോവയോടു പ്രാർത്ഥിച്ചു. യഹോവ തീ കൊണ്ട് ഉത്തരം അരുളി. സകലതിനെയും – ഹോമയാഗവും, വിറകും, മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളവും വറ്റിച്ചു.

കർമ്മേൽ പർവ്വതത്തിൽ ഏകനായി നിന്ന് ജീവനുള്ള ദൈവത്തിനു വേണ്ടി ഏലിയാവ് അത്ഭുതം പ്രവർത്തിച്ചു. യഹോവ തന്നെ ജീവനുള്ള ദൈവം എന്ന് പ്രഖ്യാപിച്ചു.

നമ്മുടെ ജീവിതത്തിൽ ധാരാളം പോരാട്ടങ്ങളുണ്ട്. ചിലപ്പോൾ ജീവിതം യുദ്ധക്കളമായി തീർന്നേക്കാം. ആ സമയങ്ങളിൽ ഒക്കെ പതറിപ്പോകാതെ യുദ്ധത്തിനായി തയ്യാറായി കൊള്ളണം. ഈ പോരാട്ടത്തിൽ നമുക്കു ജയം വേണമെങ്കിൽ ആ ഏലിയാവിനെപ്പോലെ ആദ്യം തന്നെ നാം പ്രാർത്ഥനയുടെ യാഗപീഠം നന്നാക്കണം. അതുപോലെ വചന ധ്യാനത്തിന്റെ, സ്തോത്രത്തിന്റെ യാഗപീഠം പണിയണം. ഈ പ്രാർത്ഥനയുടെ യാഗ പീഠത്തിൽ പ്രർത്ഥനയുടെ തീ കെട്ടുപോകാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കണം. അപ്പോൾ തീർച്ചയായും ഏതു പോരാട്ടത്തേയും നമുക്കു അതിജീവിക്കാൻ കഴിയും.

**പരാമർശം :**

**1 തീമോത്തി 6:12**

**വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക.**

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 011